# 14-ാം കേരള നിയമ സഭ

## 11-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 264** **04-06-2018 -ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി വിഭാഗം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സമഗ്ര അർബുദ ചികിത്സയുടെ ഭാഗമായി തിരുവനന്തപുരം,ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി വിഭാഗം ആരംഭിച്ചിട്ടുണ്ടോ; | (എ) ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . |
| (ബി) ഇതിന്റെ ഭാഗമായി എത്ര പുതിയ തസ്തികകൾ അനുവദിച്ചു; | (ബി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ, അസോസിയേറ്റ് പ്രൊഫസർമാരുടെ ഓരോ തസ്തികകൾ വീതവും അസിസ്റ്റന്റ് പ്രൊഫസർമാരുടെ രണ്ട് തസ്തികകൾ വീതവും സ്റ്റാഫ് നഴ്സ് ഗ്രേഡ് II- ന്റെ ആറു തസ്തികകൾ വീതവും അനുവദിച്ചിട്ടുണ്ട്. |
| (സി) സർജിക്കൽ ഓങ്കോളജി വിഭാഗം പ്രത്യേകമായി മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നത് ക്യാൻസർ ചികിത്സയ്ക്ക് എപ്രകാരം സഹായകമാകുമെന്ന് വിശദമാക്കുമോ; | (സി) സാധാരണയായി ജനറൽ സർജൻമാർ, ഇ.എൻ.റ്റി സർജൻമാർ, ഗൈനക്കോളജിസ്റ്റ്, ന്യൂറോ സർജൻ, ഗ്യാസ്ട്രോ സർജൻ, പ്ലാസ്റ്റിക് സർജറി സർജൻ, തൊറാസിക് സർജൻ, യൂറോളജിസ്റ്റ്, പീഡിയാട്രിക് സർജൻ എന്നിവരാണ് അതാത് വിഭാഗങ്ങളിൽപ്പെട്ട ക്യാൻസറുകളുടെ ശസ്ത്രക്രിയ ചെയ്യുന്നത്. സർജിക്കൽ ഓങ്കോളജി വിഭാഗം പ്രത്യേകമായി ആരംഭിക്കുമ്പോൾ മേൽപറഞ്ഞ |

ശസ്ത്രക്രിയാ വിദഗ്ദ്ധന്മാരുടെ സഹായത്തോടുകൂടി ക്യാൻസർ സർജറി ഏകീകരിക്കാൻ സാധിക്കും. ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ ബാധിക്കാവുന്ന ക്യാൻസർ കോശങ്ങളെ, ശരീരഭാഗങ്ങൾക്ക് പരിരക്ഷ നൽകിക്കൊണ്ട് വിജയകരമായി നീക്കം ചെയ്യുന്നതിന് സർജിക്കൽ ഓങ്കോളജി വഴി കഴിയുന്നതാണ്. എല്ലുകളിൽ ബാധിക്കുന്ന ക്യാൻസർ, ബ്രെസ്റ്റ് ക്യാൻസർ, മൃദുകലകളിൽ ബാധിക്കുന്ന ക്യാൻസർ എന്നിവയിൽ റീ-കൺസ്ട്രക്റ്റീവ് സർജറി, സർജിക്കൽ ഓങ്കോളജി വഴി സാധ്യമാണ്.

| | |
|---|---|
| (ഡി) മെഡിക്കൽ കോളേജുകളിൽ ഇതിനായി പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടിരൂപയാണ് ഇതിനുവേണ്ടി അനുവദിച്ചത് ? | (ഡി) റേഡിയേഷൻ ചികിത്സയ്ക്കായി ലീനിയർ ആക്സിലെറേറ്റർ വാങ്ങി സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് 36.5 കോടി രൂപയും കോട്ടയം മെഡിക്കൽ കോളേജിന് 11.88 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**